പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.337 — 25.04.2017 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ കേന്ദ്രം

ചോദ്യം
ശ്രീ. രാജു എബ്രഹാം

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) താലൂക്ക് സപ്ലൈ ഓഫീസുകൾക്ക് കീഴിൽ റേഷൻ മൊത്തവിതരണത്തിനായി ഉള്ള സാധനങ്ങൾ സംഭരിക്കുന്നതിലേക്കായി, ഓരോ താലൂക്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു സംഭരണ കേന്ദ്രം എന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകൾക്കും ഇത്തരത്തിലുള്ള സംഭരണ കേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(എ) ഉണ്ട്. എഫ്.സി.ഐ. ൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ടി ഗോഡൗണുകളിൽ സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സംഭരണ കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) സംഭരണ കേന്ദ്രങ്ങളുടെ വാടക യിനത്തിൽ പ്രതിമാസം എത്ര ലക്ഷം രൂപയാണ് ചെലവ് വരിക; ഓരോ താലൂക്കിലും റവന്യൂ വക സ്ഥലം ഉണ്ടെങ്കിൽ ഈ ആവശ്യത്തിലേക്ക് വിട്ടുനൽകി യാൽ ഭീമമായ തുക വാടക നൽകുന്നത് ഒഴിവാക്കാനാവു മെന്നത് പരിശോധിക്കുമോ;

(ബി) സംസ്ഥാനത്തുടനീളം 90 ഗോഡൗണുകൾ മുഖേന സംഭരണ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഗോഡൗണുകൾക്ക് ച. അടിക്ക് ശരാശരി 14/- രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 99.75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. റേഷൻ മൊത്തവ്യാപാര ഗോഡൗണുകൾ സ്ഥാപിക്കുവാനായി സംസ്ഥാനത്തെ റവന്യൂ പുറമ്പോക്ക് ഭൂമി സപ്ലൈകോയ്ക്ക് ലഭ്യമാകുന്ന തിനനുസരിച്ച് ഗോഡൗൺ സ്ഥാപിക്കുവാൻ കഴിയും. സ്വന്തമായി ഗോഡൗൺ സ്ഥാപിക്കാനായാൽ വാടക ഇനത്തിൽ നൽകുന്ന തുക ഗണ്യമായി കുറയ്ക്കാനാകും.

(സി) റാന്നി താലൂക്ക് സപ്ലൈ കേന്ദ്രത്തിനു വേണ്ടി, ചെറുകോൽ വില്ലേജിൽ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉപയോഗിക്കാത്ത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

(സി) റാന്നി താലൂക്കിൽ ചെറുകോൽ വില്ലേജിൽ ഗോഡൗൺ നിർമ്മാണത്തിനായി കണ്ടെത്തിയ 1.60 ഏക്കർ സ്ഥലം (റീ-സർവ്വേ നം.102/05) വകുപ്പിന് കൈമാറി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് റിക്വസിഷൻ ഫോം നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികളായിട്ടില്ല.

സെക്ഷൻ ഓഫീസർ